## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5584** **08-07-2024 - ൽ മറുപടിയ്ക്ക്**

### സ്റ്റാർട്ടപ്പ് റാങ്കിംഗിൽ സംസ്ഥാനത്തിന് ലഭിച്ച അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളം ഒരു സംരംഭത്തിനും അനുയോജ്യമായ ഇടമല്ലെന്ന വിമർശനത്തിനുള്ള മറുപടിയാണ് കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ സംസ്ഥാനത്തിന് ലഭിച്ച മികച്ച അംഗീകാരമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (എ) | 2018, 2019, 2020 വർഷങ്ങളിലെ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ടോപ് പെർഫോർമർ ആയും 2022 ലെ റാങ്കിംഗിൽ ബെസ്റ്റ് പെർഫോർമറായും കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. സ്റ്റാർട്ടപ്പ് മേഖലയ്ക്ക് നൽകുന്ന വിവിധ സഹായങ്ങളും സ്റ്റാർട്ടപ്പുകളുടെ പ്രവർത്തന മികവും വിലയിരുത്തിയാണ് ഈ അംഗീകാരം നൽകുന്നത്. |
| (ബി) | സ്റ്റാർട്ടപ്പുകൾക്ക് അതിവേഗം ചുവടുറപ്പിക്കാനും വളരുന്നതിനും സംസ്ഥാന സ്റ്റാർട്ടപ്പ് മിഷന്റെയും സർക്കാരിന്റെയും സഹായസഹകരണങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | നൂതനതയും സാമൂഹിക പ്രതിബദ്ധതയുമുള്ള സാങ്കേതിക ആശയങ്ങൾ വികസിപ്പിക്കുന്നതിന് ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയിലൂടെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.<br><br>ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ കാണാവുന്നതാണ്,<br><br>1. ഐഡിയ ഗ്രാന്റ് - ആശയ രൂപീകരണത്തിനും വികസനത്തിനുമായി ഇന്നവേറ്റർമാർക്കും സ്റ്റാർട്ടപ്പുകൾക്കും 3 ലക്ഷം രൂപ വരെയും വിദ്യാർത്ഥികൾക്ക് ആശയ വിപുലീകരണത്തിനായി 2 ലക്ഷം രൂപ വരെയും ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കും.<br>2. പ്രൊഡക്ടൈസേഷൻ ഗ്രാന്റ് – ആദ്യ മാതൃകകളെ ഉല്പന്നമാക്കി മാറ്റുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് 4 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം രൂപ ലഭിക്കാത്തവർക്ക് അത് ഉൾപ്പെടെ പരമാവധി 7 ലക്ഷം രൂപ വരെ).<br>3. മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് - വിപണി കണ്ടെത്തി വികസനത്തിനായി |

സ്റ്റാർട്ടപ്പുകൾക്ക് 3 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം, പ്രോഡക്ടൈസേഷൻ ഗ്രാന്റായ 4 ലക്ഷം എന്നിവ ലഭിക്കാത്തവർക്ക് അത് ഉൾപ്പെടെ പരമാവധി 10 ലക്ഷം രൂപ വരെ).

4. സ്കെയിൽ അപ്പ് ഗ്രാന്റ് - വിപണനം വിപുലീകരിച്ച് പൂർണ തോതിലുള്ള കമ്പനിയായി മാറുന്നതിനു സ്റ്റാർട്ടപ്പുകൾക്ക് 5 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം, പ്രോഡക്ടൈസേഷൻ ഗ്രാന്റായ 4 ലക്ഷം, മാർക്കറ്റ് ആക്സിലേറേഷൻ ഗ്രാന്റായ 3 ലക്ഷം എന്നിവ ലഭിക്കാത്തവർക്ക് അത് ഉൾപ്പെടെ പരമാവധി 15 ലക്ഷം രൂപ വരെ)
5. R&D ഗ്രാന്റ് - നൂതനത സാങ്കേതികത എന്നിവയിലൂടെ പുതിയ ഉത്പന്നങ്ങൾ സേവനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാർട്ടപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് നല്കുന്ന 30 ലക്ഷം രൂപ വരെയുള്ള ധനസഹായം. ഐഡിയ, പ്രോഡക്ടൈസേഷൻ, മാർക്കറ്റ് ആക്സസ്, സ്കെയിൽ അപ്പ് എന്നീ ഗ്രാന്റുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അത് കുറച്ചിട്ടാണ് R&D ഗ്രാന്റ് ലഭ്യമാക്കുക. ഇതു കൂടാതെ, വനിതകൾക്കും ഭിന്നലിംഗക്കാർക്കും പ്രത്യേക പരിഗണന നൽകി 5 ലക്ഷം രൂപ വരെ അധികമായി മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് മുഖേന ലഭ്യമാക്കുന്നുണ്ട് (ഐഡിയ ഗ്രാന്റായ 3 ലക്ഷം, പ്രോഡക്ടൈസേഷൻ ഗ്രാന്റായ 4 ലക്ഷം എന്നിവ ലഭിക്കാത്തവർക്ക് അത് ഉൾപ്പെടെ പരമാവധി 12 ലക്ഷം രൂപ വരെ).

ഇതിനു പുറമേ, ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ് എന്ന ഇൻക്യുബേഷൻ പരിപാടി, സർക്കാർ/ സർക്കാരനുബന്ധ സ്ഥാപനങ്ങളിൽ നിന്നുള്ള ബിസിനസ്സ് ലഭ്യമാകുന്നതിനുള്ള ഗവൺമെന്റ് അസ് എ മാർക്കറ്റ്പ്ലേസ് (GAM) പദ്ധതി, കോർപ്പറേറ്റുകളിൽ നിന്നും ബിസിനസ്സ് ലഭ്യമാക്കുന്നതിനുള്ള ബിസിനസ്സ് ഫോർ സ്റ്റാർട്ടപ്പ് പദ്ധതി, ദേശീയ അന്തർദേശീയ സാങ്കേതിക പരിപാടികളിൽ പങ്കെടുക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനും സഹായിക്കുന്ന മാർക്കറ്റ് ആക്സസ് പദ്ധതി എന്നിവയിലൂടെ സ്റ്റാർട്ടപ്പുകൾക്ക് ചുവടുറപ്പിക്കുന്നതിനും വളരുന്നതിനുമുള്ള സഹായങ്ങൾ നൽകിവരുന്നുണ്ട്. ഇതിന്റെ ഫലമായി

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിലും പ്രവർത്തന മികവിലും കാര്യമായ ഉയർച്ചയുണ്ടായിട്ടുണ്ട്. |
| (സി) | യുവസംരംഭകർക്ക് സ്റ്റാർട്ടപ്പ് തുടങ്ങുന്നതിനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ലഭ്യമാക്കാൻ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; യുവസംരംഭകരുടെ ആശയങ്ങളെ ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് പിന്തുണ നൽകുന്ന തരത്തിൽ സ്റ്റാർട്ടപ്പ് നയം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2017 ലെ വിവര സാങ്കേതിക വിദ്യാ നയത്തിന്റെ ഘടകമാണ് നൂതനതയും സംരംഭകത്വവും സംബന്ധിച്ച ഉപനയം. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി യുവ സംരംഭകത്വ വികസന പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കി വരുന്നു. സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനും മികച്ച രീതിയിൽ പ്രവർത്തനം തുടരുന്നതിന് സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള വിവിധ ഘടകങ്ങൾ ഉൾപ്പെട്ടതാണ് യുവ സംരംഭകത്വ പദ്ധതി. |
| (ഡി) | അതിന്റെ ഫലമായി അഭ്യസ്തവിദ്യരായ വനിതകളും സ്റ്റാർട്ടപ്പ് മേഖലയിലേക്ക് കൂടുതലായി കടന്നുവരാൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. 2016 ൽ 20 വനിതാ സ്റ്റാർട്ടപ്പുകളായിരുന്നത് നിലവിൽ 1300 ആയി വർദ്ധിച്ചു. |

സെക്ഷൻ ഓഫീസർ